2. ഒരു വർഷത്തിൽ താഴെ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷാ തീയതിയിൽ തന്നെ നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തൽ.

3. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് സൗകര്യം ഏർപ്പെടുത്തൽ.

4. സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളെയും ഇന്റർനെറ്റ് അധിഷ്ഠിതമാക്കുന്നതിനായുള്ള നെറ്റ്‌വർക്കിംഗ് പദ്ധതി ഒരു വർഷത്തിനകം പൂർത്തിയാക്കൽ.

ഈ പദ്ധതികളിൽ നെറ്റ്‌വർക്കിംഗ് പദ്ധതിക്കായി ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റ് പദ്ധതികൾക്കൊന്നും നടപ്പു സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

(ബി) മേൽ വിവരിച്ച പദ്ധതികളിൽ ഇനം നമ്പർ (1) ഒഴികെയുള്ള എല്ലാ പദ്ധതികളുടെയും നടപടി പുരോഗമിച്ചുവരികയാണ്.

ദേശീയപാത വികസനം

313 (1370) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് അതത് പ്രദേശത്തുള്ള ഭൂമിയുടെ വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖ പ്രകാരം ദേശീയപാതയുടെ വീതി (ROW) 60 മീറ്റർ ആണ്. എന്നാൽ കേരളത്തിലെ ജനസാന്ദ്രതയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ദേശീയപാതയുടെ വീതി ദേശീയ നിലവാരത്തിലുള്ള 60 മീറ്ററിൽ നിന്നും 45 മീറ്റർ ആയി നിജപ്പെടുത്തുന്നതിന് ദേശീയപാതാ വികസന അതോറിറ്റി 2010-ൽ സമ്മതിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്ന നടപടി അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ദേശീയപാത 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയ പാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ ദേശീയപാതാ വികസന പദ്ധതിയിൽനിന്നും ദേശീയപാതാ വികസന അതോറിറ്റി പിൻവാങ്ങുകയുണ്ടായി. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി 4-7-2014 ൽ മുഖ്യമന്ത്രിയ്ക്കയച്ച കത്തിൽ വർദ്ധിച്ചു വരുന്ന വാഹന സാന്ദ്രത പരിഗണിച്ച് ദേശീയപാത വികസനം ത്വരിതപ്പെടുത്തണമെന്നുള്ളതിന് സംസ്ഥാന സർക്കാരിന്റെ സഹകരണം ആവശ്യപ്പെടുകയും ദേശീയപാത വികസനത്തിന് ആവശ്യമായ 80% ഭൂമി ഏറ്റെടുത്തു നൽകിയാൽ ദേശീയപാതാ അതോറിറ്റിയുടെ പിൻവാങ്ങൽ തീരുമാനം പുനഃപരിശോധിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 23-10-2014-ലെ മന്ത്രിസഭയുടെ തീരുമാന പ്രകാരം 25-10-2014-ലെ സ.ഉ.(കൈ) നമ്പർ 94/2014/ പൊ.മ.വ. ഉത്തരവു പ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ 80% ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിക്ക് കൈമാറുന്നതിനും, ദേശീയപാതാ വികസനത്തിൽ നിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 5-3-2014, 14-8-2014 എന്നീ തീയതികളിലെ വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം 30-10-2014-ലെ കത്തു പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു.കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(ഡി) 1956-ലെ എൻ.എച്ച്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം CALA (കോംപീറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വിസിഷൻ) ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. 25-10-2014 ലെ സ.ഉ.(കൈ) നമ്പർ 94/2014/ പൊ.മ.വ. പ്രകാരം നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പാക്കേജിലെ (15-11-2011-ലെ സ.ഉ.(കൈ) നമ്പർ 419/11/റവ.) വ്യവസ്ഥകൾ കൂടി പരിഗണിച്ച് പദ്ധതി ബാധിതർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പു വരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.